THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**QUESTION BANK**
**GRADE-X**
**CHAPTER-III**
പ്രിയദർശനം

**I.** ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

**1.** നളിനി എന്ന ഖണ്ഡകാവ്യം എഴുതിയതാര്?

**2.** ആശയഗംഭീരൻ എന്നറിയപ്പെടുന്ന കവി ആര്?

**3.** ആശാൻ രചിച്ച നാടകം ഏത്?

**4.** ആരുടെ വിയോഗത്താൽ ആണ് ആശാൻ പ്രരോദനം രചിച്ചത്?

**5.** നളിനിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു?

**6.** കഷ്ടകാലം അഖിലം കഴിഞ്ഞു ഹാ! നളിനി ഇപ്രകാരം പറയാനുള്ള കാരണം എന്ത്?

**7.** ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ എന്ന് നളിനി സ്വയം പരിചയപ്പെടുത്തിയതിന് കാരണമെന്താവാം?

**8.** ഏകമൂർത്തിയാം പ്രാണിതൻ
ഹിതമൊരിക്കലീശ്വരൻ
എന്ന നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന ഹിതം എന്തായിരുന്നു?

**9.** ഏകമൂർത്തിയാം പ്രാണിതൻ

ഹിതമൊരിക്കലീശ്വരൻ
ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

**10.**ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ ഉള്ള സുഖോദയം എങ്ങനെയുള്ളതായിരിക്കും എന്നാണ് ആശാൻ പറയുന്നത്

**11.**ഏവമോതിയിടരാർന്നു കണ്ണുനീർ
ത്തുവിനാൾ മൊഴി കുഴങ്ങി നിന്നവൾ
ആരാണ് മൊഴി കുഴങ്ങി നിന്നത്?

**12.**നളിനി കരയാറുണ്ടായിരുന്നത് എന്തിനായിരുന്നു?

**13.**ഓരോരുത്തരും എന്ത് അനുസരിച്ചാണ് മുന്നോട്ടുപോകുന്നത് എന്നാണ് യോഗി പറയുന്നത്?

**14.**സ്വന്തം ജീവിതം അന്യർക്ക് വേണ്ടി ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നത് ആരാണ്?

**15.**നളിനി എന്ന കാവ്യത്തിന് ആശാൻ നൽകിയ മറ്റൊരു പേരെന്താണ്?

**II.**ഉത്തരം എഴുതുക

**1.**"ഭവാനു പണ്ടിഷ്ടയാം "നളിനി ഞാൻ' **-** നളിനി തന്നെ ഇങ്ങനെ പരിചയപ്പെടു ത്തിയതിന് കാരണമെന്താവാം?

**2.**"ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പപരിപാടലം മുഖം,

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ

ധാരയാർന്ന പനിനീർസുമോപമം."

**-** ദിവാകരനെയും നളിനിയേയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തുപയോഗിച്ച പദങ്ങൾ ഏതെല്ലാം ? പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പൂ

വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകു ന്നതെങ്ങനെ **?-**ഈ വരിക ളിലെ ചമൽക്കാരഭംഗി കണ്ടെത്തി വിവരിക്കുക**.**

**3."**പോയതൊക്കെയഥവാ നമുക്കയേ

പ്രായവും സപദി മാറി കാര്യവും**-"**

ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക**.**

**4."**കഷ്ടകാലമഖിലം കഴിഞ്ഞു ഹാ**!**

ദിഷ്ടമീ വടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ**!** ഭവാനുപ**-**

ണ്ടിഷ്ടയാം **"**നളിനി**"** ഞാൻ മഹാമതേ**!**

**"**കണ്ടുടൻ സ്വയമറിഞ്ഞിടാഞ്ഞതോർ**"**

ത്തിണ്ടൽ വേണ്ട സഖി**!** കേണിടേണ്ട കേൾ**,**

പണ്ടു നിന്നെയൊരിളം കുരുന്നതായ്

കണ്ടു ഞാൻ**,** സപദി വല്ലിയായി നീ**"**

**-**വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക

**5.**പ്രാണനാടുമൊരുനാൾ ഭവൽപദം

കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ

കേണവാണിവിടെയേകമർത്ഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ**.**

നളിനി മരണത്തിനു മുമ്പുള്ള ആശയായി പറയുന്നതെന്തെല്ലാം **?**

വ്യക്ത്യാധിഷ്ഠിത സ്നേഹത്തിന്റെ ദോഷങ്ങൾ എന്തൊക്കെയാവാം**?**

**6."**പിന്നെയൊന്നൊരുപകാരമേതിനോ

യെന്നെയോർത്തു സഖീ, ഏതതോതുക

അന്യജീവനതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ"

ദിവാകരന്റേയും നളിനിയുടേയും സ്നേഹസങ്കൽപ്പങ്ങളിലെ വ്യത്യാസമെന്ത്?

**7.**കണ്ടടൻ സ്വയമറിത്തിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,

പണ്ടു നിന്നെയൊരിളം കുരുന്നായ്

കണ്ടു ഞാൻ സപദി വല്ലിയായി നീ

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക

**8.**അന്യജീവനതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ

(കുമാരനാശാൻ)

അവനവനാത്മസുഖത്തിനാചരിക്കുന്നവ

യപരന്ന് സുഖത്തിനായ് വരേണം -

(ശ്രീനാരായണഗുരു)

-തന്നിരിക്കുന്ന വരികളിലെ ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**9.**"പ്രാണനോടുമൊരുനാൾ ഭവൽപദം

കാണുവാൻ ചിരമഹോ കൊതിച്ച ഞാൻ"

"ധന്യയായ് സപദി കാൺകമൂലമ-

ങ്ങെന്നെയോർക്കികിലുമോർത്തിടായ്കിലും"

(നളിനി-കുമാരനാശാൻ)

സ്നേഹഗായകനായ ആശാനെയാണോ വരികളിൽ കാണാനാവുന്നത്? - വരികൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**10.**ഏവമോതിയിടരാർന്നു കണ്ണനീർ

തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ

ഭാവശാലികൾ പിരിഞ്ഞുകൂടിയാ

ലീവിധം വികലമാം സുഖോദയം.

- മുകളിൽ തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുക

**11.**പ്രിയദർശനം എന്ന ശീർഷകത്തിന്റെ ഔചിത്യം കുറിക്കുക?

**III.**പദസൂര്യൻ നിർമ്മിക്കാം

കുമാരനാശാന്റെ കൃതികൾ ഉൾപ്പെടുത്തി പദസൂര്യൻ നിർമ്മിക്കുക




**IV.a.**പ്രയോഗം മാറ്റുക

കുമാരനാശാൻറെ വീണപൂവിനാൽ മലയാള കവിതയിൽ ഒരു പുതുയുഗത്തിന് ആരംഭം കുറിക്കപ്പെട്ടു.

**b.**തെറ്റുണ്ടെങ്കിൽ തിരുത്തുക

ശ്രീരാമൻ നടത്തുന്ന അശ്വമേധത്തിൽ സംബന്ധിക്കുന്നതിനും ലവകുശന്മാരുടെയെല്ലാമൊപ്പം വാല്മീകിയും പങ്കെടുക്കുന്നതിനായി അയോധ്യയിലേക്ക് യാത്രയായി